13-ാം റൗണ്ട് ഇന്ത്യ-നെതർലാൻഡ്സ് വിദേശകാര്യ ഓഫീസ് കൺസൾട്ടേഷനുകൾ (ഡിസംബർ 04, 2025)

ഡിസംബർ 04, 2025

13-ാമത് ഇന്ത്യ-നെതർലാൻഡ്സ് ഫോറിൻ ഓഫീസ് കൺസൾട്ടേഷനുകൾ(FOC) 2025 ഡിസംബർ 04 ന് ന്യൂഡൽഹിയിൽ നടന്നു. ഇന്ത്യാ ഗവൺമെന്റിന്റെ വിദേശകാര്യ മന്ത്രാലയ സെക്രട്ടറി (വെസ്റ്റ്) ശ്രീ സിബി ജോർജാണ് ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചത്. നെതർലാൻഡ്സ് വിദേശകാര്യ മന്ത്രാലയം സെക്രട്ടറി ജനറൽ ശ്രീ. ക്രിസ്റ്റ്യൻ റെബർഗൻ ആയിരുന്നു ഡച്ച് പ്രതിനിധി സംഘത്തെ നയിച്ചത്. അവസാന FOC 2024 മെയ് മാസത്തിൽ ഹേഗിൽ നടന്നു.

2. ഇരുവിഭാഗവും ഇരുരാജ്യങ്ങളിലെ ഉന്നത നേതാക്കൾ തമ്മിലുള്ള കൂടിക്കാഴ്ചകളും ആശയവിനിമയവും വർധിക്കുന്നതിൽ സന്തോഷം പ്രകടിപ്പിച്ചു. ഈ കൂടിക്കാഴ്ചകൾ രണ്ടു രാജ്യങ്ങളുടെയും ബന്ധം ശക്തിപ്പെടുത്താൻ സഹായിക്കുന്നു. അടുത്തിടെ, 2025 നവംബർ 23 ന് ജോഹന്നാസ്ബർഗിൽ നടന്ന G20 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും നെതർലൻഡ്സ് പ്രധാനമന്ത്രി ശ്രീ ഡിക്ക് ഷൂഫും കണ്ടുമുട്ടി.

3. ഉഭയകക്ഷി ബന്ധങ്ങളിലെ പുരോഗതി അവലോകനം ചെയ്യുന്നതിനും സഹകരണത്തിന്റെ പുതിയ മേഖലകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും FOC അവസരം നൽകി. ഇരുവിഭാഗങ്ങളും പങ്കാളിത്തം കൂടുതൽ മേഖലകളിൽ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗങ്ങളെക്കുറിച്ച് ചർച്ച നടത്തി. അവയിൽ സെമികണ്ടക്ടറുകളും AIയും ഉൾപ്പെടുന്ന നിർണായക സാങ്കേതികവിദ്യകളും നവീകരണവും, ശാസ്ത്ര സാങ്കേതികവിദ്യ, ഗ്രീൻ ഹൈഡ്രജൻ, ഷിപ്പിംഗ്, പ്രതിരോധം, സുരക്ഷ തുടങ്ങിയവയും ഉൾപ്പെടുന്നു. കൂടാതെ ജലം, കൃഷി, ആരോഗ്യം (WAH അജണ്ട) എന്നീ മുൻഗണനാ മേഖലകളെക്കുറിച്ചും ഇരുപക്ഷവും ചർച്ച ചെയ്തു. ഇരുപക്ഷവും പല മേഖലകളിലും ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തമാക്കാൻ താൽപ്പര്യമുണ്ടെന്ന് വീണ്ടും ആവർത്തിച്ചു.

4. യൂറോപ്പിൽ ഇന്ത്യയുടെ ഒരു പ്രധാന സാമ്പത്തിക പങ്കാളിയായി നെതർലാൻഡ്സ് തുടർന്നും നിലകൊള്ളുന്നുവെന്നും, ഇരുരാഷ്ട്രങ്ങളിലെയും വ്യാപാരവും നിക്ഷേപവും സ്ഥിരമായി ഉയർന്നുവരുന്നുവെന്നും മനസ്സിലാക്കാൻ സാധിച്ചു. ഈ സാഹചര്യത്തിൽ, ഇന്ത്യ-EU സ്വതന്ത്ര വ്യാപാര കരാർ ഈ

വർഷാവസാനത്തോടെ പൂർത്തിയാക്കേണ്ടതിന്റെ പ്രാധാന്യം അവർ ഊന്നിപ്പറഞ്ഞു. കഴിഞ്ഞ ഫെബ്രുവരിയിൽ EU കമ്മീഷണർമാർ ഇന്ത്യ സന്ദർശിച്ചപ്പോൾ ഇന്ത്യൻ, EU നേതാക്കൾ നൽകിയ നിർദ്ദേശപ്രകാരം ഇത് മുന്നോട്ടു കൊണ്ടുപോകണമെന്ന് അവർ വ്യക്തമാക്കി. തീവ്രവാദത്തിനെതിരായ പോരാട്ടം ഉൾപ്പെടെ പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളിൽ ഇരുപക്ഷവും അഭിപ്രായങ്ങൾ കൈമാറി. ഒരു തരത്തിലും തീവ്രവാദത്തെ വെച്ചുപൊറുപ്പിക്കില്ലെന്ന് ഇന്ത്യ ആവർത്തിച്ചു.

5. ഉഭയകക്ഷി ബന്ധത്തിൽ ജനങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെയും സാംസ്കാരിക ബന്ധങ്ങളുടെയും തുടർച്ചയായ പ്രാധാന്യം ഇരുപക്ഷവും ചൂണ്ടിക്കാട്ടി. ഈ സാഹചര്യത്തിൽ, നെതർലാൻഡ്സിലെ ഇന്ത്യൻ സമൂഹം ഇരുരാജ്യങ്ങളെ ബന്ധിപ്പിക്കുന്നതിലും, പ്രാദേശിക സമ്പദ്വ്യവസ്ഥയെ പിന്തുണയ്ക്കുന്നതിലും, സാംസ്കാരിക ബന്ധങ്ങളെ ശക്തിപ്പെടുത്തുന്നതിലും നൽകിയ സംഭാവനയെ അവർ അഭിനന്ദിച്ചു

6. ഇന്ത്യയ്ക്കും നെതർലാൻഡ്സിനും ഇടയിലുള്ള മുഴുവൻ ഉഭയകക്ഷി സഹകരണ വിഷയങ്ങളും ചർച്ച ചെയ്യുന്നതിനുള്ള പ്രധാനപ്പെട്ട സ്ഥാപന സംവിധാനങ്ങളിൽ ഒന്നാണ് FOC. ഈ സംവിധാനത്തിന്റെ പ്രാധാന്യം എടുത്തുകാണിച്ചുകൊണ്ട്, കൃത്യമായ ഇടവേളകളിൽ കൂടിയാലോചനകൾ തുടരാനും, നെതർലൻഡ്സിൽ പരസ്പരം സൗകര്യപ്രദമായ സമയത്ത് അടുത്ത റൗണ്ട് FOC ഷെഡ്യൂൾ ചെയ്യാനും ഇരുപക്ഷവും സമ്മതിച്ചു.

7. ഇന്ത്യയും നെതർലൻഡ്സും തമ്മിൽ ജനാധിപത്യത്തിലും പല മേഖലകളിലെ സഹകരണത്തിലും അധിഷ്ഠിതമായ ഒരു അടുത്ത ബന്ധമുണ്ട്. ഇരു രാജ്യങ്ങൾക്കും ജലം സംബന്ധിച്ച കാര്യങ്ങളിലും പങ്കാളിത്തമുണ്ട്. പ്രളയ നിയന്ത്രണം, ശുദ്ധജല സാങ്കേതികവിദ്യകൾ തുടങ്ങിയ മേഖലകളിൽ വ്യാപകമായ സഹകരണവും അറിവ് പങ്കിടലും ഇതിൽ ഉൾപ്പെടുന്നു.

ന്യൂഡൽഹി

ഡിസംബർ 04, 2025